"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുമിത്ര.കെ.ജി, കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി), ജില്ലാ ആശുപത്രി, പാലക്കാട് - സ്വമേധയാ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2139/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 04/10/2021

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.09.2021-ലെ ഇ.എ1-32386/ 2021/ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ ആശുപത്രിയിലെ ഒഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റ് ഡോ.സുമിത്ര.കെ.ജി 01.08.2021 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കലിന് 12.04.2021 തീയതിയായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖാന്തിരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഡോ.സുമിത്രക്കെതിരെ അച്ചടക്ക നടപടികളോ കരാർ ലംഘനമോ, വിജിലൻസ് അന്വേഷണമോ, കേസോ നിലവിലില്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖാന്തിരം റിപ്പോർട്ട് ചെയ്തിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അക്കൗണ്ടന്റ് ജനറലിന്റെ 06.08.2021-ലെ 0005/F/SKG-6/325 നമ്പർ കത്തിൽ 15.02.2021-ൽ ഡോ.സുമിത്ര.കെ.ജി-യുടെ സേവനകാലം 27 വർഷവും, 10 മാസവും 20 ദിവസവും പൂർത്തിയാകുമെന്നും. കൂടാതെ, ഡോ.സുമിത്രയുടെ പേരിൽ യാതൊരു ബാധ്യതയും നിലനിൽക്കുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഓഡിറ്റ് പരിശോധനയിൽ ഡോ.സുമിത്രയുടെ പേരിൽ ബാധ്യതകൾ എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ ആയത് തിരിച്ചെടുക്കുന്നതിൽ എതിർപ്പില്ലെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യ പത്രം സമർപ്പിച്ചിരുന്നു.

2) മേൽ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 56 പ്രകാരം VRS അപേക്ഷ സമർപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളെല്ലാം തന്നെ ഡോ.സുമിത്രയുടെ അപേക്ഷയിൽ പാലിക്കപ്പെട്ടിരിക്കുന്നതിനാലും, മെഡിക്കൽ ഓഫീസറുടെ പേരിൽ അനന്തര ബാധ്യതകൾ കണ്ടെത്തുന്ന പക്ഷം ആയത് മെഡിക്കൽ ഓഫീസറുടെ ഡി.സി.ആർ.ജി-യിൽ നിന്നും വീണ്ടെടുക്കുന്നതാണെന്നുമുള്ള നിബന്ധനയോടെ, പാലക്കാട് ജില്ലാ ആശുപത്രിയിലെ ഒഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റ് ഡോ.സുമിത്ര.കെ.ജി-ക്ക് 01.08.2021 തീയതി പ്രാബല്യത്തിൽ സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

3) 04.05.2019-ലെ സ.ഉ (അച്ചടിച്ചത്) നം.55/2019/ധന ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഡോ.സുമിത്ര.കെ.ജി-യുടെ പെൻഷനുള്ള അപേക്ഷ പെൻഷൻ അനുവദിക്കുന്ന

അധികാരിക്ക്/അക്കൗണ്ടന്റ് ജനറലിന് ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജൻ നാംദേവ് ഖൊബ്രഗഡെ

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.

ഡോ.സുമിത്ര.കെ.ജി, കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ ഇഎ4 32386/2021/ആ.വ.ഡ
തീയതി 13.10.2021.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.

സ്വീകർത്താവ്:

ഡോ. സുമിത്ര. കെ.ജി
വൈക്കണ്ണം,
ശിവകുളിമന
കൊടുങ്ങല്ലൂർ-1
പാലക്കാട്
679121.